പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 950 — 05.03.2018 ൽ മറുപടിക്ക്

## റെയിൽവേ വികസനം

ചോദ്യം

ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, കോവൂർ കുഞ്ഞുമോൻ
,, കെ.ബി.ഗണേഷ് കുമാർ

മറുപടി

ശ്രീ. ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ റെയിൽവേയുടെ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണ പദ്ധതികൾ എന്നിവയുടെ നിലവിലെ അവസ്ഥയെന്താണെന്നും പ്രസ്തുത പ്രവൃത്തികൾ ഏതുവർഷം മുതലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ;

(എ) കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കണം എന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി കെ.ആർ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്.

കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാത ഏറെക്കുറെ (കൊല്ലം-പുനലൂർ, ഷൊർണ്ണൂർ - നിലമ്പൂർ, പാലക്കാട് ജംഗ്ഷൻ - പൊള്ളാച്ചി പാതകൾ ഒഴികെ) മുഴുവൻ വൈദ്യുതീകരിച്ചതാണ്. പുതിയ പാതകളുടെ വൈദ്യുതീകരണം അത് പ്രവർത്തിയുടെ അവസാന ഘട്ടത്തിലാണ് നടപ്പിലാക്കുക. എല്ലാ പുതിയ പാതകൾക്കും വൈദ്യുതീകരണം ചെയ്യുവാനായിട്ടുള്ള തീരുമാനം റെയിൽവേ കൈക്കൊണ്ടിട്ടുണ്ട്. മംഗലാപുരം മുതൽ തിരുവനന്തപുരം വരെയുള്ള ഡബിളിങ്ങ് വർക്ക് തുടങ്ങിയിട്ട് രണ്ട് പതിറ്റാണ്ടാവുകയും പൂർത്തീകരിക്കുകയും ചെയ്തു. (എറണാകുളം മുതൽ കായംകുളം വരെ വെവ്വേറെ പാതയായിട്ടാണ് റെയിൽവേ ലൈൻ പോകുന്നത്)

(ബി) സംസ്ഥാനത്തെ റെയിൽവേ ലൈൻ ശേഷിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ ഗതാഗതനിരക്കെന്ന് വെളിപ്പെടുത്തുമോ;

(ബി)

| റെയിൽവേ ലൈൻ | ശതമാനം |
|---|---|
| എറണാകുളം - ഷൊറണ്ണൂർ | 115%.. |
| എറണാകുളം - കായംകുളം (കോട്ടയം വഴി) | 105% |

| | |
|---|---|
| കായംകുളം - തിരുവനന്തപുരം | 80%.. |
| ഷൊർണ്ണൂർ - മാംഗളൂർ | 75%.. |
| പോടന്നൂർ - പാലക്കാട് | 102.9% . |
| പാലക്കാട് - ഷൊർണ്ണൂർ | 77.69% |
| ഷൊർണ്ണൂർ - കാലിക്കറ്റ് | 75.74% |
| കാലിക്കറ്റ് - കണ്ണൂർ | 67.80% |
| കണ്ണൂർ - നേത്രാവതി | 61.49% |
| ഷൊർണ്ണൂർ - നിലമ്പൂർ | 102.82% |
| പാലക്കാട് - പൊള്ളാച്ചി | 20.5%. |

(സി) സുഗമമായ ഗതാഗതത്തിന് പുതിയ തീവണ്ടികൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; അനുവദിച്ചാൽ ഇന്നത്തെ അവസ്ഥയിൽ സുഗമമായി സർവ്വീസ് നടത്താൻ സാധ്യമാകുമോ; വിശദാംശം വ്യക്തമാക്കാമോ?

(സി) പുതിയതായി ട്രെയിനുകൾ അനുവദിച്ചിട്ടില്ല. കേരളം ആവശ്യപ്പെട്ടത് താഴെപ്പറയുന്ന തീവണ്ടികളാണ്.

1. ശതാബ്ദി എക്സ്പ്രസ് (തിരുവനന്തപുരം - കൊച്ചി)
2. രാജധാനി എക്സ്പ്രസ് (തിരുവനന്തപുരം - ന്യൂഡൽഹി (ആഴ്ചയിൽ അഞ്ച് തവണ)
3. തിരുവനന്തപുരം - മൈസൂർ എക്സ്പ്രസ് (2014- ൽ അനുവദിച്ച ട്രെയിൻ.
4. നിലമ്പൂർ - തിരുവനന്തപുരം പ്രതിദിന എക്സ്പ്രസ് ആവശ്യപ്പെട്ടത് അനുവദിച്ചാൽ സുഗമമായി സർവ്വീസ് നടത്താൻ സാധിക്കും.

സെക്ഷൻ ഓഫീസർ